**പതിന്നാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1246 02/05/2017 ന് മറുപടിക്ക്

**തെരുവുനായ ശല്യം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.സത്യൻ<br>ശ്രീ.കെവി.അബ്ദുൽ ഖാദർ<br>ശ്രീ.ആന്റണി ജോൺ<br>ശ്രീ.പി.ടി.എ.റഹീം | കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) | സംസ്ഥാനത്ത് തെരുവുനായ ശല്യം ഇല്ലാതാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ ; | സംസ്ഥാനത്തെ തെരുവുനായ്ക്കളുടെ നിയന്ത്രണത്തിനായി പരിശീലനം ലഭിച്ച കുടുംബശ്രീ പ്രവർത്തകർ മുഖാന്തിരം ആനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പ്രോഗ്രാം തദ്ദേശ സ്ഥാപനങ്ങൾ മുഖേന കൃത്യമായും സമയ ബന്ധിതമായും നടപ്പിലാക്കി വരുന്നു. ആയതിന്റെ പുരോഗതി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുവരുന്നു. കൂടാതെ തെരുവു നായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിനായി തെരുവോരങ്ങളിൽ മാലിന്യം വലിച്ചെറിയുന്നതിനെതിരെ ബോധവൽക്കരണ പരിപാടികളും കുറ്റക്കാർക്കെതിരെ ശിക്ഷാനടപടികളും സ്വീകരിച്ചുവരുന്നു. |
| ബി) | മൃഗ ജനനനിയന്ത്രണ പരിപാടി ഫലപ്രദമായിട്ടുണ്ടോ; | എ.ബി.സി പ്രോഗ്രം ആരംഭഘട്ടത്തിലാണെങ്കിലും ഫലപ്രദമാണെന്നാണ് പ്രാഥമിക റിപ്പോർട്ട്. |
| സി) | ഓരോ ജില്ലയിലും അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായകളെ പിടികൂടി ഇതിനായി പ്രത്യേകം തയ്യാറാക്കുന്ന ആവാസകേന്ദ്രത്തിൽ എത്തിച്ച് മൃഗസ്നേഹികളുടെ പങ്കാളിത്തത്തോടെ സുരക്ഷിതമായി വളർത്താനുള്ള പദ്ധതി പ്രായോഗികമായിട്ടുണ്ടോ; ഇക്കാര്യത്തിൽ മൃഗ സ്നേഹികളുടെ പങ്കാളിത്തം എത്രമാത്രം ലഭിച്ചുവെന്ന് അറിയിക്കാമോ; | എല്ലാ ജില്ലകളിലും ഈ പദ്ധതി ആരംഭിച്ചിട്ടില്ല. മുഴുവൻ ജില്ലകളിലും ഈ പദ്ധതി അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ മൃഗസ്നേഹികളുടെ പങ്കാളിത്തം ലഭിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| ഡി) | തെരുവുനായ പ്രശ്നത്തിന്റെ അടിസ്ഥാന കാരണമായ മാലിന്യ പ്രശ്നം പരിഹ-രിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചിട്ടുള്ള നട-പടികൾ അറിയിക്കാമോ? | സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ വാർഷിക പദ്ധതിയുടെ നിശ്ചിത ശതമാനം മാലിന്യ നിർമ്മാർ-ജ്ജനത്തിനായി മാറ്റിവച്ചിട്ടുണ്ട്. പൊതു സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്ന-വർക്കെതിരെ ബോധവൽക്കരണം, ഉറവിട മാലിന്യ സംസ്കരണം, ഗാർഹിക ബയോഗ്യാസ് പ്ലാന്റുകളുടെ വിതരണം, കിച്ചൺ ബിൻ വിതരണം, മാലിന്യം നീക്കം ചെയ്യുന്നതിന് സന്നദ്ധ സംഘടനകൾ വഴിയുള്ള പ്രവർത്തനങ്ങൾ, റിങ്ങ് കമ്പോസ്റ്റ് വിതരണം, ഹരിതകേരളം പദ്ധതി, ശുചിത്വമിഷൻ, കുടുംബശ്രീ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, മാലിന്യ നിർമ്മാർജ്ജന വാഹനത്തിൽ മാലിന്യങ്ങൾ ശേഖരിച്ച് ഇൻസിനറേറ്ററിൽ എത്തിക്കാനുള്ള നടപടികൾ, പൈപ്പ് കമ്പോസ്റ്റ് വിതരണം, പോർട്ടബിൾ & ബയോഗ്യാസ് പ്ലാന്റ് വിതരണം, മണ്ണിര കമ്പോസ്റ്റ് വിതരണം, അനധികൃത അറവുശാലകൾ അടച്ചു പൂട്ടൽ പ്രധാന മാലിന്യ നിക്ഷേപ സ്ഥലങ്ങളിൽ ക്യാമറകൾ സ്ഥാപിക്കുക എന്നീ നടപടികൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ